# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

68731/DOA-ASST-5/2025/Admn 04.07.2025

## പത്രക്കുറിപ്പ്

## ബിരുദാനന്തരബിരുദ പ്രവേശനം [PGCAP-25] രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2025 - 2026 അദ്ധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തിനുള്ള (PGCAP) രണ്ടാം അലോട്ട്മെന്റ് admission.uoc.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, താഴെ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്ററി ഫീസ് അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ് :

1. ജനറൽ : 575/- രൂപ
2. എസ് സി/ എസ് ടി / ഒ.ഇ.സി-എസ്.സി / ഒ.ഇ.സി -എസ് ടി/ ഒ.ഇ.സി-ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾ : 145/- രൂപ

https://admission.uoc.ac.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലിങ്കിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കുകയും, അലോട്ട്മെന്റ് ലഭിച്ചവർ മാൻഡേറ്ററി ഫീസ് അടയ്ക്കുകയും ചെയ്യേണ്ടതാണ്. മാൻഡേറ്ററി ഫീസ് പേയ്മെന്റ് നടത്തിയവർ അവരുടെ ലോഗിനിൽ മാൻഡേറ്ററി ഫീസ് റെസിപ്റ്റ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മാൻഡേറ്ററി ഫീസ് അടക്കേണ്ടതാണ്. മാൻഡേറ്ററി ഫീസ് അടക്കാനുള്ള സൗകര്യം **08.07.2025 ന് വൈകീട്ട് 5 മണിവരെ** സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമായിരിക്കും. ഒന്നാം അലോട്ട്മെന്റ് ലഭിച്ച സമയത്ത് മാൻഡേറ്ററി ഫീസ് അടച്ചവർ വീണ്ടും മാൻഡേറ്ററി ഫീസ് അടക്കേണ്ടതില്ല.

ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടച്ചവർ, അഡ്മിറ്റ് കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് , യോഗ്യതാ രേഖകൾ, മറ്റ് അനുബന്ധ രേഖകൾ, അവയുടെ പകർപ്പുകൾ എന്നിവ സഹിതം, 08.07.2025 ന് വൈകീട്ട് 5 മണിക്കുള്ളിൽ കോളേജിൽ നിർബന്ധമായും റിപ്പോർട്ട് ചെയ്ത് സ്ഥിരം (പെർമനന്റ്) പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതായിരിക്കും.

ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് വിദ്യാർത്ഥികൾക്ക് സ്ഥിരം അഡ്മിഷൻ എടുക്കാൻ അവസരം ലഭിക്കുന്നതാണ്. ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് **08.07.2025ന് വൈകീട്ട് 5 മണിവരെ** സ്റ്റുഡന്റ് ലോഗിനിൽ സൗകര്യം ലഭ്യമായിരിക്കും.

കേരളത്തിന് പുറത്തുള്ള സർവകലാശാല / സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടിയവർ അതാത് സർവ്വകലാശാലകളിൽ നിന്നും താഴെപറയുന്ന രേഖകൾ കൂടി പ്രവേശന സമയത്തു ഹാജരാക്കേണ്ടതാണ്.

- ആ സർവകലാശാലയിലെ വിദ്യാർത്ഥിയായിരുന്നു എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (Bonafide സർട്ടിഫിക്കറ്റ്)
- അവരുടെ മാർക്ക് / ഗ്രേഡ് കാർഡിൽ മാർക്ക് ശതമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എങ്കിൽ മാർക്ക് ശതമാന വിവരങ്ങൾ തെളിയിക്കുന്ന സാക്ഷ്യപത്രം

Rajeevan Mundayat Valappil#
Deputy Registrar